മനുഷ്യർ ദൈവത്തിൻെറ ഉൽകൃഷ്ട സൃഷ്ടിയാണ്. അതുകൊണ്ട് തന്നെ മനുഷ്യൻ അവനെ സൃഷ്ടിച്ച സൃഷ്ടാവിനെ അറിയുകയും, അവൻെറ നിയമങ്ങൾ മനുഷ്യർക്ക് പഠിപ്പിക്കുവാൻ പറഞ്ഞയച്ച പ്രവാചകനിൽ അവസാനത്തെ ദൂതനായ മുഹമ്മദ് നബി(ﷺ)യേയും അറിയൽ മനുഷ്യരുടെ നിർബ്ബന്ധ ബാധ്യതയാണ്. മനുഷ്യരുടെ ഇലാഹായ അല്ലാഹുവിനെയും, അവൻെറ അവസാന പ്രവാചകനായ മുഹമ്മദ്(ﷺ)യേയും സംബന്ധിച്ചുമുള്ള ചെറിയ ഒരു വിവരണമാണ് ഈ വരികൾ. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

## അല്ലാഹു ആര്?

ഖുർആൻ പറയുന്നു:"(നബിയെ,)പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്ല്യനായി ആരും ഇല്ലതാനും (സൂറത്തുൽഇഖ്ലാസ്: 1-4)

"അല്ലാഹു- അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻെറതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്തുവാനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷമമായി അറിയാൻ കഴിയില്ല. അവൻെറ അധികാരപീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (അൽബഖറ:255)

## അല്ലാഹുവാണ് റബ്ബ്:

ഖുർആൻ പറുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും രക്ഷിതാവത്രേ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്നു പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയുമോ? (മർയം:65)

"സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു" (ഫാതിഹ: 1)

## അല്ലാഹുവാണ് ആരാധ്യൻ:

അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) (നഹ്ൽ: 36)



"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിൻെറ പാപത്തിന് നീ പാപമോചനം തേടുക" (മുഹമ്മദ്: 19)

## അല്ലാഹുവിനാണ് വിശുദ്ധ നാമങ്ങൾ:

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക" (അഹ്റാഫ്: 180)

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമ പരിശുദ്ധനും സമാധാനം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ. സ്രഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയും അവൻെറ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും" (ഹശ്ർ:22- 24)

## അല്ലാഹു പ്രാർത്ഥന കേൾക്കുന്നവൻ:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്. തീർച്ച" (മുഅ്മിൻ:60)

"അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർത്ഥന. അവനു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുകയില്ല." (റഅ്ദ്: 14)

"നിന്നോട് എൻെറ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (അൽബഖറ:186)



## അല്ലാഹു പാപം പൊറുക്കുന്നവൻ:

"(നബിയെ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്എന്ന് എൻെറ ദാസന്മാരെ വിവരമറിയിക്കുക"(ഹിജ്റ്:49)

## അല്ലാഹു കാരുണ്യവാൻ:

"പരമകാരുണികനും കരുണാനിധിയും" (ഫാതിഹ:3)

## അല്ലാഹു വിചാരണ നാളിൻെറ അധിപൻ:

"പ്രതിഫല നാളിൻെറ ഉടമസ്ഥൻ" (ഫാതിഹ:4)

"അവർ വെളിക്കുവരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച യാതൊരു കാര്യവും അല്ലാഹുവിന്ന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവ്വാധിപതിയുമായ അല്ലാഹുവിന്" (മുഅ്മിൻ:16)

## അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു" (ഖസസ്: 56)

## അല്ലാഹുവാണ് ഭരമേൽപിക്കുവാൻ അർഹൻ:

"(നബിയെ,) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻെറമേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിൻെറ നാഥൻ" (തൗബ: 129)

"അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ" (ആലുഇംറാൻ:173)

## അല്ലാഹു അവനിൽ പങ്കു ചേർക്കുന്നതിനെ പൊറുക്കാത്തവൻ

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴി ച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്.ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (നിസാഅ്: 48)

# റസൂലിനെ തുടരുക:

## റസൂൽ അനാഥനായി വളർന്നവൻ:

"നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ? (സുഹാ:6) നബി(ﷺ) ഗർഭസ്ഥ ശിശുവായിരിക്കെതന്നെ അവിടുത്തെ പിതാവ് മരിച്ചു. ആറ് വയസ്സായപ്പോൾ മാതാവും. അനാഥയായി

ത്തീർന്ന അദ്ദേഹത്തെ ആദ്യം പിതാമഹനും പിന്നീട് പിതൃവ്യനുമാണ് സംരക്ഷിച്ച് വളർത്തിയത്.

### റസൂൽ നിരക്ഷരൻ:

“അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവൻെറ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം” (അഅ്റാഫ്: 158)

### റസൂൽ പൂർവ വേദങ്ങളിൽ പ്രവചിക്കപ്പെട്ടവർ:

“(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ” (അഅ്റാഫ്: 157)

### റസൂൽ ഒരു മനുഷ്യൻ പക്ഷെ, വഹ്യ്കൊണ്ട് ശ്രേഷ്ഠർ:

“(നബിയെ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏക ദൈവമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തൻെറ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തൻെറ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ” (അൽകഹ്ഫ്-110)

### റസൂൽ താക്കീതുകാരനും സുവിശേഷകനും:

നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല” (സബഅ്: 28)

### റസൂൽ ലോക കാരുണ്യമായി നിയോഗിക്കപ്പെട്ടവർ:



“ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല” (അൻബി യാ:107)

### റസൂൽ അനുസരിക്കപ്പെടേണ്ടവർ:

“(നബിയെ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.” (ആലുഇംറാൻ:31)

“നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുക” (ഹശ്ർ:7)

“നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, (ധിക്കാരം വന്നു പോകാതെ) സൂക്ഷിക്കുകയും ചെയ്യുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നമ്മുടെ ദൂതൻെറ ബാധ്യത വ്യക്തമായ രീതിയിൽ സന്ദേശമെത്തിക്കുക മാത്രമാണെന്ന് നിങ്ങൾ മനസിലാക്കുക” (മാഇദ) 92)

### റസൂൽ സ്നേഹിക്കപ്പെടേണ്ടവർ:

അബൂഹുറൈറ(﵁)വിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: “ഒരാളും തൻെറ മാതാപിതാക്കളേക്കാളും, സന്താനങ്ങളേക്കാളും, സ്വന്തത്തേക്കാളും എന്നെ (പ്രവാചകനെ) സ്നേഹിക്കാതെ വിശ്വാസികളാവുകയില്ല” (ബുഖാരി)

### റസൂൽ അന്ത്യപ്രവാചകൻ:

“മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (അഹ്സാബ്:40)

### റസൂലിലൂടെ ഇസ്ലാം മതം പൂർത്തിയാക്കി:

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റി തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട്തന്നിരിക്കുന്നു” (മാഇദ:3)

പ്രവാചകൻ(ﷺ)യിൽ നിന്ന്: “നിങ്ങൾക്ക് ഞാൻ രണ്ട് കാര്യം വിട്ടേച്ച് പോകുന്നു, അത് മുറുകെ പിടിക്കുകയാണെങ്കിൽ ഒരിക്കലും നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിൻെറ കിതാബും (ഖുർആൻ) അവൻെറ പ്രവാചകൻെറ ചര്യയും” (തിർമിദി, അഹ്മദ്). ആയിശാ(റ)യിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: “നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും പുതുതായുണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു” (ബുഖാരി, മുസ്ലിം)



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلم

# “ഇലാഹിനെ അറിയുക, റസൂലിനെ തുടരുക”

തയ്യാറാക്കിയത്:
**സയ്യിദ് സഅ്ഫർ സ്വാദിഖ്**
ജുബൈൽ ദഅ്വ സെൻറർ
ഫോൺ: 03-3625500- 1030

# تعرف على الله واتبع رسول الله

اعداد :

سيد سعفر